# പുണ്യവാനായ

# യാക്കോബ് മോർ തീമോത്തിയോസ് തിരുമേനി

*(1916 -'86)*



**മോർ തീമോത്തിയോസ് തിരുമേനി**
**സെമിനാരിയുടെ പ്രഥമ മെത്രാപ്പോലിത്ത**

പരി. സഭയിലെ താപസശ്രേഷ്ഠനും പുണ്യപിതാവുമായിരുന്ന യാക്കോബ് മോർ തീമോത്തിയോസ് മെത്രാപ്പോലിത്തായുടെ 22-ാമത് ദു:ഖ്റോനോ പെരുന്നാൾ 2008 ഫെബ്രുവരി 10-ാം തീയതി ഞായറാഴ്ച തൃക്കോതമംഗലം സെന്റ് മേരിസ് ബേത്‌ലഹേം പാത്രിയർക്കാ പള്ളിയിൽ ആചരിക്കയാണ്.

ശ്രേഷ്ഠനായ സുറിയാനി മല്പാനും മാതൃകാപരമായ ജീവീതത്തിനുടമയും യാമ പ്രാർത്ഥനകൾ ജിവിത വിശുദ്ധിയോടുക്കൂടി നടത്തി അനേകം വൈദീക വിദ്യാർത്ഥികളുടെ ഗുരുനാഥനും മാലേകുരിശ് ദയറായിൽ സെമിനാരിയുടെ പ്രഥമ മെത്രാപ്പോലിത്തായും, 'വാക്കിലും, നടപ്പിലും, സ്നേഹത്തിലും നിർമ്മലതയിലും വിശ്വാസികൾക്ക് മാതൃകയായിരിക്കുക' എന്ന വി. പൗലോസിന്റെ പ്രബോധനം ജീവിതത്തിൽ പ്രതിഫലിപ്പിച്ചു ക്രിസ്തുവിന്റെ ഉത്തമ ശുശ്രൂഷകനായിരുന്നു മോർ തീമോത്തിയോസ്. 1986 ഫെബ്രുവരി 10-ാം തീയതി രാത്രി 9.10 നു സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിലേക്ക് യാത്രയായി.

തൃക്കോതമംഗലത്ത് പറേകൂളത്ത് ഫിലിപ്പോസിന്റെയും മറിയാമ്മയുടെയും ദ്വീതിയ പുത്രനായ യാക്കോബ് 1916 ജൂലൈ 30-ാം തീയതി ഭൂജാതനായി. തൃക്കോതമംഗലത്തും പുതുപ്പള്ളിയിലുമായി പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം അഭി. മീഖയേൽ ദീവന്നാസിയോസ് തീരുമേനിയുടേയും വന്ദ്യ കൂട്ടുങ്കൽ ഗീവർഗ്ഗീസ് റമ്പാന്റെ ശിഷ്യനായി മോർ ശർബ്ബീൽ ദയറായിൽ വൈദിക വിദ്യാഭ്യാസം പുർത്തികരിച്ചു.

1932 മെയ് 6നു മീഖായേൽ മോർ ദീവന്നാസിയോസ് തിരുമേനിയിൽ നിന്നു മ്സമ്റോനോ പട്ടവും പരി. ഏലിയാസ് തൃതീയിൽ പാത്രിയർക്കിസ് ബാവയിൽ നിന്ന് മ്ശർബ്ബിൽ ദയറായിൽ വച്ച് കോറുയോ പട്ടവും സ്വീകരിച്ചു. 1941 ഏപ്രിൽ 10-ാം തീയതി കോട്ടയം സിംഹാസന പള്ളിയിൽ വച്ച് യാക്കോബ് ശെമ്മാശനെ കഹനൂസായുടെ ഉന്നതപദവിയിലേക്കുയർത്തി. അഭിവന്ദ്യ ഔഗേൻ മോർ തീമോത്തിയോസ് തിരുമേനിയുടേയും വന്ദ്യ ഇട്ടിര മൽപ്പാന്റെയും, കൊച്ചപറമ്പിൽ വന്ദ്യ ഗീവർഗ്ഗിസ്റമ്പാന്റെയും ശിഷ്യത്യം സ്വീകരിച്ച് സുറിയാനി ഭാഷയിൽ ആഴമേറിയ വിജ്ഞാനം സമ്പാദിച്ചു.

അന്ത്യോഖ്യാ സിംഹാസനാധിപൻ പരി.മോറാൻ മോർ ഇഗനാത്തിയോസ് യാക്കോബ് തൃതയൻ പാത്രിയർക്കീസ് ബാവ യാക്കോബിനെ സഭയുടെ അംഗീകരിക്കപ്പെട്ട മൽപ്പൻമാരുടെ ഗണത്തി ലേക്കുയർത്തി. ആരാധനയുടെ വിശുദ്ധിയും മഹത്വവും ചോർന്നു പോകുന്ന ഒരു പ്രവർത്തന ങ്ങൾക്കും തിരുമേനി കൂട്ടനിൽക്കയില്ലെന്നു മാത്രമല്ല ആ സാഹചര്യങ്ങളിൽ നിന്ന് ഒഴിഞ്ഞ് മാറാൻ അദേഹം ശ്രദ്ധിച്ചിരുന്നു. സഭയുടെ ഭിന്നതയുടെ കാലഘട്ടത്തിൽ സമാധാനപരമായ ബലിയർപ്പണത്തിനു ഭംഗം നേരിടുമെന്ന് തോന്നിയവസരത്തിൽ മൂന്ന് ദശാബദ്ത്തോളം താൻ നട്ടുവളർത്തി പരിപാലിച്ച തൃക്കോതമംഗലം സെന്റ് ് ജെയിംസ് പള്ളിയെ വീട്ട് സമാധാന ത്തിന്റെ ബലി അർപ്പിക്കുവാൻ, ഭവനം നിന്ന സ്ഥലത്ത് അന്ത്യോഖ്യാ വിശ്വാസികൾക്ക് ആരാധ നയ്ക്കായി നാലുനാൾ കൊ ുയർന്ന ദേവാലയമാണ് പീന്നിട് അദേഹത്തിന്റെ അന്ത്യ വിശ്രമ സ്ഥലമായ തൃക്കോതമംഗലം സെന്റ മേരീസ് ബേത്‌ലഹേം പാത്രിയർക്കാപ്പള്ളി.



ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വീതിയൻ കാതോലിക്കാ ബാവ 1976 സെപ്റ്റംബർ 11 നു സെന്റ് ് സൈമൺസ് പള്ളിയിൽ വച്ച് അഭി. തോമസ് മോർ തേയോഫീലോസ്, അഭി. ഫിലി പ്പോസ് മോർ ഈവാനിയോസ് എന്നിവരോടപ്പം മോർ തീമോത്തിയോസ് യാക്കോബ് എന്ന നാമധേയത്തിൽ മെത്രാപ്പോലീത്തായായും വാഴിച്ചു. ഭദ്രാസന ഭരണമല്ലായിരുന്നു അദ്ദേഹ

ത്തിന്റെ ദൗത്യം. തനിക്കറിയമായിരുന്ന കൂദാശകളും, ശുശ്രൂഷകളും സുറിയാനി ഭാഷയും ആരാധന ക്രമങ്ങളും പരിശിലിപ്പിക്കുക എന്ന ഭാരിച്ച ഉത്തരവാദിത്വമായിരുന്നു അദ്ദേഹത്തിൽ നിക്ഷിപ്തമായിരുന്നത്. അനുഭവ ജ്ഞാനവും, ക്ഷമയും, ആത്മാർത്ഥതയുമുള്ളവർക്ക് മാത്രം സാദ്ധ്യമാകുന്ന സിദ്ധി. ചിങ്ങവനം മോർ അപ്രേം സെമിനാരിയിലും, പെരുമ്പിള്ളി സെന്റ് ജെയിംസ് സെമിനാരിയിലും, മലേകുരിശ് ദയറയിലുമായി മലങ്കരയാകമാനം പുരോഹിത മഹാ പുരോഹിത ശ്രേണിയിലുള്ള അനേകരുടെ ഗുരുവും വഴികാട്ടിയുമായി അഭി. തീമോത്തിയോസ് യാക്കോബ് തിരുമേനി പ്രശോഭിച്ചു.

പരി. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ 1982ൽ മലങ്കര സന്ദർശിച്ച വേളയിൽ പരി. ബാവയുടെ കൂടെ കൂദാശകൾക്കും ശുശ്രൂഷകൾക്കും പ്രത്യേകിച്ച് മണർകാട് പള്ളിയിൽ വച്ച് നടന്ന വി. മൂറോൻ കൂദാശകൾക്കും മുന്നോടിയായി പ്രവർത്തിച്ചു.

അഭി. തിരുമേനിയുടെ കൂദാശ നിർവഹണ ചാതുരിയും അവഗാഹവും മുക്തകണ്ഠമായ പ്രശംസ പിടിച്ചുപറ്റിയിരുന്നു. പ്രാർത്ഥിക്കുന്ന താപസനെന്നു വിശേഷിപ്പിക്കപ്പെട്ടിരുന്ന മോർ തീമോത്തീയോസിന്റെ പ്രാർത്ഥനാപ്പട്ടികയിൽ മദ്ധ്യസ്ഥനായി നൂറു കണക്കിനു പേരുകൾ എന്നുമു ായിരുന്നു. തകർന്ന മനസ്സോടെ എത്തുന്നവർക്കായി രാത്രിയുടെ യാമങ്ങളിൽ കണ്ണുനീരോടെ പ്രാർത്ഥിച്ചിരുന്നു. മോർ തീമോത്തിയോസ് യാക്കോബ് മെത്രാപ്പോലീത്തയുടെ ഹ്രസ്വമെങ്കിലും പരിശുദ്ധമായ ജീവിതം പരി. പരുമല തിരുമേനിയുടെ ജീവിതം പോലെ ധന്യവും വിശുദ്ധവുമായിരുന്നു. എപ്പിസ്ക്കോപ്പായുടെ വിശേഷണങ്ങളായി വി. പൗലോസ് അപ്പോസ്തലൻ തീമോത്തിയോസിനെ പ്രബോധിപ്പിക്കുന്ന മാഹത്മ്യങ്ങളെല്ലാം പ്രശോഭിച്ചിരുന്ന ദിവ്യജോതിസ്സായിരുന്നു മോർ തീമോത്തിയോസ് യാക്കോബ് തിരുമേനി. ആത്മീയ പിതാവും ഗുരുവുമായിരുന്ന അഭി. മീഖായേൽ മോർ ദിവന്നാസിയോസ് തിരുമേനിയുടെ ഓർമ്മ ദിവസം കോട്ടയം സിംഹാസനപള്ളിയിൽ അഭി. തിരുമേനി അവസാനമായി ദിവ്യബലിയർപ്പിച്ചു.

1986 ജനുവരി 22-ാം തീയതി മൂന്നു നോമ്പിന്റെ ബുധനാഴ്ച സന്ധ്യയ്ക്ക് അങ്കമാലി ഭദ്രാസനത്തിലെ പൊയ്ക്കാട്ടുശ്ശേരി മോർ ബഹന്നാം സഹദായുടെ നാമത്തിലുള്ള ദേവാലയത്തിൽ സന്ധ്യാപ്രാർത്ഥനയ്ക്ക് ശേഷം പ്രസംഗമദ്ധ്യേ ശാരീരികാസ്വാസ്ഥ്യം നേരിടുകയും അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. 18 ദിവസം രോഗാതുരനായി കിടന്നശേഷം ഫെബ്രുവരി 10 നു പ്രാർത്ഥനയുടെ മദ്ധ്യത്തിൽ രാത്രി 9.10 നു ആ പുണ്യാത്മാവ് ഈ ലോകത്തോട് യാത്രപറഞ്ഞ് കർതൃസന്നിധിയിലേക്ക് വാങ്ങിപോയി.

ബേത്‌ലഹേം പള്ളിയിൽ അഭി. തിരുമേനി നേരത്തെ തന്നെ തീർത്ത കബറിടത്തിൽ ഫെബ്രുവരി 11-ാം തീയതി സംസ്ക്കരിക്കപ്പെടുകയും ചെയ്തു.

അഭി. തിരുമേനി കാലം ചെയ്തതിനു ശേഷം എല്ലാ ചൊവ്വാഴ്ചകളിലും 5.00 മണിക്ക് സന്ധ്യാപ്രാർത്ഥനയും മാസാദ്ധ്യ ബുധനാഴ്ചകളിൽ രാവിലെ 10.30 മുതൽ ധ്യാന പ്രാർത്ഥനയും ക്രമീകരിച്ചിരിക്കുന്നു. ജനഹൃദയങ്ങളിൽ പരിശുദ്ധനായ മോർ തീമോത്തിയോസ് തിരുമേനിയുടെ കബറിടം സ്ഥിതിചെയ്യുന്ന ബേത്‌ലഹേം പാത്രിയർക്കാ പള്ളി വിശ്വാസികൾക്ക് പ്രാർത്ഥിക്കുന്നതിനായി രാവിലെ മുതൽ തുറന്നിട്ടിരിക്കുന്നു. പുണ്യപിതാവിന്റെ കബറിങ്കൽ

ജീവിത ക്ലേശങ്ങളും പ്രശ്നങ്ങളുമായി ദുഃഖഭാരത്തോടെ ഒരിറ്റു സമാധാനത്തിനായി പ്രാർത്ഥിക്കുന്ന അനേകരാണ്.




അഭി. തിരുമേനി കാലം ചെയ്ത ഫെബ്രുവരി 10 നു രാത്രി 9.10 നു പുണ്യ പിതാവിന്റെ കബറിങ്കൽ നടത്തുന്ന പ്രാർത്ഥനയിൽ നാടിന്റെ നാനാഭാഗത്തു നിന്നും അനേകം വിശ്വാസികൾ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുന്നു. പുണ്യപിതാവിന്റെ കബറിടം ഇന്ന് ദുഃഖിതർക്ക് ആശ്വാസം നൽകുന്ന പുണ്യഭൂമിയാണ്. അവരുടെ സാക്ഷികൾ പുണ്യപിതാവിന്റെ മദ്ധ്യസ്ഥതയ്ക്ക് പ്രേരണ നല്കുന്നു. ഇന്ന് അഭി. തിരുമേനി ദൈവത്തെ മുഖാമുഖമായി കാണുന്നു. നമ്മുക്ക് വേ ി മദ്ധ്യസ്ഥത നടത്തുന്നു. പുണ്യപിതാവിന്റെ മദ്ധ്യസ്ഥതയും പ്രാർത്ഥനയും നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ.

***ഫാ. റോബി ജോസ് ആര്യാട്ട് പറമ്പിൽ***